LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്ത് ജീവനക്കാരുടെ ഒഴിവുകൾ നികത്താൻ നടപടികൾ

223 (4266) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ സെക്രട്ടറിമാരുടെയും മറ്റ് വിവിധ തസ്തികകളിലെ ജീവനക്കാരുടെയും എത്ര ഒഴിവുകൾ വീതമുണ്ടെന്ന് ജില്ല തിരിച്ച് പറയാമോ ;

(ബി) ആവശ്യത്തിന് ജീവനക്കാരില്ലാത്തതു കാരണം പൊതുജനങ്ങൾക്ക് നിശ്ചിത സമയപരിധിക്കുള്ളിൽ സേവനങ്ങൾ ലഭ്യമാകാത്തതും ദൈനംദിന പ്രവർത്തനങ്ങൾക്ക് തടസ്സം ഉണ്ടാകുന്നതുമായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ജീവനക്കാരുടെ ഒഴിവുകൾ നികത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് പറയാമോ ;

ഉത്തരം

(എ) സംസ്ഥാനത്തെ വിവിധ ജില്ലകളിലായി പഞ്ചായത്തുകളിൽ വിവിധ തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ താഴെ പട്ടികയിൽ നൽകിയ പ്രകാരമാണ് :

ജില്ല	സീനിയർ സൂപ്രണ്ട്	സെക്രട്ടറി	അസിസ്റ്റന്റ് സെക്രട്ടറി/ ജൂനിയർ സൂപ്രണ്ട്	ഹെഡ് ക്ലാർക്ക്	അക്കൗണ്ടന്റ്	സീനിയർ ക്ലർക്ക്	ടൈപ്പിസ്റ്റ്
(1)	(2)	(3)	(4)	(5)	(6)	(7)	(8)
തിരുവനന്തപുരം	2	14	...	...	...	2	1
കൊല്ലം	1	9	...	...	...	...	...
പത്തനംതിട്ട	2	9	...	...	...	...	...
ആലപ്പുഴ	1	19	1	...	...	...	...
കോട്ടയം	1	30	...	...	...	...	...
ഇടുക്കി	2	5	...	...	1	...	...

(1)	(2)	(3)	(4)	(5)	(6)	(7)	(8)
എറണാകുളം	3	10	...	1	...	...	...
തൃശ്ശൂർ	3	27	1	...	...	...	...
പാലക്കാട്	2	20	1	...	1	...	...
മലപ്പുറം	1	21	1	...	2	...	...
കോഴിക്കോട്	...	21	1	...	..	...	...
വയനാട്	...	8	...	...	...	...	...
കണ്ണൂർ	...	10	1	1	...	...	...
കാസർഗോഡ്	1	4	...	2	...	...	...
ആകെ	19	207	6	4	4	2	1

ക്ലാർക്ക്, ഓഫീസ് അറ്റൻഡന്റ്, ഡ്രൈവർ തസ്തികകളിലെ ഒഴിവുകൾ സംബന്ധിച്ച വിവരം ശേഖരിച്ച് ഉടൻ സമർപ്പിക്കുന്നതാണ്.

(ബി&സി) പഞ്ചായത്ത് വകുപ്പിൽ പൊതുജനങ്ങൾക്ക് നിശ്ചിത സമയപരിധിക്കുള്ളിൽ സേവനങ്ങൾ ലഭ്യമാകാത്തതും ദൈനംദിന പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകുന്നതുമായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എങ്കിലും പഞ്ചായത്ത് വകുപ്പിലെ വിവിധ തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ നികത്താൻ അടിയന്തരനടപടികൾ സ്വീകരിച്ചുവരുന്നു.

കാസർഗോഡ് മംഗൽപാടിയിൽ കെട്ടിട നിർമ്മാണ പെർമിറ്റുകൾ അനുവദിച്ചതിലെ ക്രമക്കേട്

224 (4267) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ മംഗൽപാടി ഗ്രാമപഞ്ചായത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റുകൾ അനുവദിച്ചതിൽ ക്രമക്കേട് നടത്തിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly